# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1786 11.02.2013 ലെ മറുപടിക്ക്

## പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. രാജേന്ദ്രൻ : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ) |
| (എ) പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;<br>(ബി) ഗ്രാമപഞ്ചായത്തുകളിലെ ജോലിഭാരം കുറയ്ക്കുന്നതിനും മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) യും (ബി) യും<br>ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഫ്രണ്ടാഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സേവനങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവാൻമാരാക്കുന്നതിന് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സർട്ടിഫിക്കറ്റുകൾ യഥാസമയവും, കാര്യക്ഷമവുമായും നൽകുന്നതിനും മറ്റു പ്രവർത്തനങ്ങൾക്കുമായി ഗ്രാമ പഞ്ചായത്തുകളിൽ ഐ.കെ.എം.ന്റെ നേതൃത്വത്തിൽ കമ്പ്യൂട്ടർ വൽക്കരണം നടന്നു വരുന്നു. ബ്ലോക്കു പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് സേവനാവകാശ നിയമം വകുപ്പ് (3) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

ഗ്രാമപഞ്ചായത്തുകളുടെ റവന്യൂ അക്കൗണ്ടിംഗ് പ്രവർത്തനങ്ങൾ കമ്പ്യൂട്ടർവത്ക്കരിച്ചതുവഴി അതത് ദിവസത്തെ സാമ്പത്തിക സ്ഥിതിയും ചെലവ് വിവരങ്ങളും ആസ്തി ബാദ്ധ്യതാ വിവരങ്ങളും കൃത്യമായി പരിശോധിച്ച് തിട്ടപ്പെടുത്തുന്നുണ്ട്. കൂടാതെ സാംഖ്യ, സുലേഖ തുടങ്ങിയ സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ഫലപ്രദമായി നടപ്പിലാക്കുന്നതിന് എല്ലാ ജീവനക്കാർക്കും പരിശീലനം നൽകുന്നുണ്ട്. അതിലൂടെ ഗ്രാമ പഞ്ചായത്തുകളിലെ ഫണ്ടുകൾ വിനിയോഗിക്കുന്നതിന് കൃത്യതയും സുതാര്യതയും കൈവരുത്താൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

(സി) പഞ്ചായത്തുകളുടെ പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നില്ലായെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ,പ്രസ്തുത പഞ്ചായത്തുകൾക്കെതിരെ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

(സി) കോഴിക്കോട് ജില്ലയിലെ കരുവട്ടൂർ, തൃശ്ശൂർ ജില്ലയിലെ വരന്തരപ്പള്ളി ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റ് ഉൾപ്പെടെയുള്ള അംഗങ്ങളെ തെരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യരാക്കിയതിനെത്തുടർന്ന് ഗ്രാമ സഭകൾ നടന്നില്ല. പ്രസ്തുത ഗ്രാമ പഞ്ചായത്തുകൾക്ക് പദ്ധതി രൂപീകരണത്തിന് സർക്കാർ കൂടുതൽ സമയം അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ